# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്(2)

**2023 ഒക്ടോബർ 13**

---

## സംരംഭകത്വ വികസനം; എം.ജി സർവകലാശാലയ്ക്ക് അനുമോദനം

സംരംഭകത്വ വികസന മേഖലയിലെ മികവിന് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കേരള സ്റ്റാർട്ടപ്പ് മിഷന്റെ അനുമോദനം. സ്റ്റാർട്ടപ് മിഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഐഇഡിസി ഉച്ചകോടിയിൽ സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ(ബി.ഐ.ഐ.സി) ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണന് സാങ്കേതിക സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സജി ഗോപിനാഥ് ഉപഹാരം സമ്മാനിച്ചു.

സ്റ്റാർട്ടപ്പ് മിഷന്റെ ധനസഹായത്തോടെ നടപ്പാക്കിയ സംരംഭകത്വ വികസന പ്രവർത്തനങ്ങൾ ശ്രദ്ധേയമായ വിജയം നേടിയതായി ഉച്ചകോടി വിലയിരുത്തി.

സ്റ്റാർട്ടപ് മിഷനിൽനിന്ന് അനുവദിച്ച ഒരു കോടി രൂപ ചിലവിട്ട് ബി.ഐ.ഐ.സി ഒൻപതു മാസത്തിനിടെ 24 ഗവേഷണ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിൽ എട്ട് ഗവേഷണഫലങ്ങളെ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ തുടങ്ങി. ആറു കണ്ടുപിടുത്തങ്ങൾ പേറ്റന്റ് നേടുന്നതിനുള്ള നടപടികളിലാണ്. എട്ടെണ്ണം വ്യവസായ മേഖലയ്ക്ക് കൈമാറും.

**ഫോട്ടോ ക്യാപ്ഷൻ...**

തിരുവനന്തപുരം എൻജിനീയറിംഗ് കോളജിൽ നടന്ന ഐ.ഇ.ഡി.സി ഉച്ചകോടിയിൽ പ്രഫ. സജി ഗോപിനാഥ് ഡോ. ഇ.കെ. രാധാകൃഷ്ണന് ഉപഹാരം സമ്മാനിക്കുന്നു.

(പി.ആർ.ഒ/39/1233/2023)

## പ്രഫ. സാബു തോമസ്, ഡോ. രാധാകൃഷ്ണൻ, ഡോ. ശ്രീകല വീണ്ടും സ്റ്റാൻഫഡ് റാങ്കിംഗിൽ

അമേരിക്കയിലെ സ്റ്റാൻഫഡ് സർവകലാശാലയും നെതർലാൻഡ്സ് ആസ്ഥാനമായുള്ള പ്രമുഖ പ്രസിദ്ധീകരണ കമ്പനിയായ എൽസേവിയറും ചേർന്ന് ആഗോള തലത്തിൽ തയ്യാറാക്കിയ മികച്ച രണ്ടു ശതമാനം ശാസ്ത്രജ്ഞരുടെ പുതിയ

പട്ടികയിൽ എം. ജി. സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സർവകലാശാലയിലെ അധ്യാപകരായ ഡോ. ഇ.കെ രാധാകൃഷ്ണൻ, ഡോ. എം.എസ്. ശ്രീകല എന്നിവർ സ്ഥാനം നിലനിർത്തി.

പ്രബന്ധങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും സ്വീകാര്യത, നിലവാരം എന്നിവയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തിയത്.

പോളിമെർ സയൻസ്, നാനോസയൻസ്, നാനോടെക്നോളജി മേഖലയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയിട്ടുള്ള പ്രൊഫ. സാബു തോമസ് തുടർച്ചയായി നാലാം തവണയാണ് ഈ പട്ടികയിൽ ഇടം നേടുന്നത്. ഈ വർഷം മേയിൽ വിരമിച്ച ഇദ്ദേഹം നിലവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി, ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി എന്നിവയുടെ ഡയറക്ടറാണ്.

സസ്യ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും മരുന്നുകൾക്കെതിരെ പ്രതിരോധം നേടുകയും ചെയ്യുന്ന ബാക്റ്റീരിയകളെകുറിച്ചാണ് സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസിലെ അസോസിയേറ്റ് പ്രഫസറായ ഡോ. രാധാകൃഷ്ണൻറെ പ്രധാന ഗവേഷണം. 2021ൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിൻറെ കൈരളി ഗവേഷണ പുരസ്ക്കാരം ലഭിച്ചിരുന്നു.

ബയോപോളിമറുകളുടെ മേഖലയിൽ വിദഗ്ധയായ ഡോ. ശ്രീകല സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജി ഡയറക്ടറാണ്. അന്നജം പോലുള്ള പ്രകൃതിജന്യ വസ്തുക്കളിൽ നിന്നും പരിസ്ഥിതി സൗഹാർദ ഉത്പന്നങ്ങൾ തയ്യാറാക്കാൻ സഹായകയമായ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗവേഷണമാണ് നടത്തുന്നത്.

(പി.ആർ.ഒ/39/1234/2023)

## വി.സി. ഹാരിസ് വൈജ്ഞാനിക സദസ് 16 മുതൽ

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വി.സി. ഹാരിസ് വൈജ്ഞാനിക സദസ് ഒക്ടോബർ 16, 17 തീയതികളിൽ വകുപ്പിന്റെ സെമിനാർ ഹാളിൽ നടക്കും. 16ന് രാവിലെ പത്തിന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവി ഡോ. ജോസ് കെ. മാനുവൽ അധ്യക്ഷത വഹിക്കും. കാർട്ടൂണിസ്റ്റ് ടി.കെ. സുജിത്ത് സ്മാരക പ്രഭാഷണം നിർവഹിക്കും.

ഡോ. സുധീഷ് കോട്ടേമ്പ്രം, ഡോ. വത്സലൻ വാതുശേരി, പ്രഫ. കെ.ലാൽ, ഡോ. ജ്യോതിലാൽ എന്നിവർ വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/1235/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് മോഡൽ 2(സി.ബി.സി.എസ്, പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 17,18 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 16,17,18 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..........................

രണ്ടാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെൻറൽ സയൻസ് ആൻറ് മാനേജ്മെൻറ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 31 ന് കാലടി ശ്രീ ശങ്കര കോളജിൽ നടക്കും. വിശ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1236/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി

ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2020 അഡ്മിഷൻ റഗുലർ, 2019-2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2013-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് - സെപ്റ്റംബർ 2023) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾ ഒക്ടോബർ 17 മുതൽ പാലാ, സെൻ ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1237/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**